വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഗവണ്മെന്റ് പ്രൈമറി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതു് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണു്. സാധാരണഗതിയിൽ ടെയിനിംഗ് ഉള്ളവരെ മാത്രമേ നിയമിക്കാറുള്ള എന്നിരുന്നാലും, സംവരണതത്വം നിയമനത്തിൽ പാലിക്കപ്പെടുന്നതിനായി അപൂർവ്വം ചില സന്ദർഭങ്ങളിൽ ടെയിനിംഗ് ഇല്ലാത്തവരെ നിയമിക്കുവാൻ സർവ്വീസ് കമ്മീഷൻ ഉപദേശിക്കാറുണ്ടു്.

(ബി) അങ്ങിനെ ടെയിനിംഗില്ലാത്ത അദ്ധ്യാപകർ വളരെ വിരളമായതുകൊണ്ടു് അത്തരത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം ഗവണ്മെന്റ് ശേഖരിച്ചിട്ടില്ല.

(സി) ടെയിനിംഗില്ലാത്ത അത്തരം അദ്ധ്യാപകരെ തൊട്ടടുത്തവർഷത്തിൽ ടെയിനിംഗിനു് അയയ്ക്കുകയാണു് പതിവു്.

(ഡി) ഇല്ല.

(ഇ) പ്രോദ്യം ഉദിക്കുന്നില്ല.

പ്രൊവിഷണൽ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തൽ

* 20. [32] ശ്രീ. ജെ. കമാലിയാസ് മൊറായിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പ്രൊവിഷണൽ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുള്ള ക്ലാർക്കന്മാർ ഡ്രാഫ്റ്റ്സ്മാന്മാർ, ജൂനിയർ ഇൻജിനീയറന്മാർ മുതലായവരെ സ്ഥിരപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ഇ എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ, ബി) ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

ധനകാര്യമന്ത്രിയുടെ അഴിമതി അന്വേഷണ ഉത്തരവു്

* 21. [33] ശ്രീ കെ. എം. ജോർജ്ജ് :
ശ്രീ. കെ. ജി കുഞ്ഞുകൃഷ്ണപിള്ള: } താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ധനകാര്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞിനെതിരായി അഴിമതി അന്വേഷണ ഉത്തരവു ചെയ്യുകയുണ്ടായോ ;

(ബി) എന്നാണു് ഈ ഉത്തരവു് പുറപ്പെടുവിച്ചതു് ;

(സി) മുൻ ധനകാര്യമന്ത്രിയുടെപേരിൽ അന്വേഷണം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിച്ചിരിക്കുന്ന ചില വകുപ്പുകൾ മാറ്റിക്കൊടുക്കണമെന്നു് അദ്ദേഹമോ, അദ്ദേഹത്തിന്റെ അഡ്വക്കേറ്റോ മുഖ്യമന്ത്രിയോടു് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു എന്നു് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) ഉണ്ടു്.

(ബി) 5–6–1969-ൽ.

(സി) കിട്ടിയിട്ടുണ്ടു്.

(ഡി) കമ്മീഷനു് കൊടുത്തു കഴിഞ്ഞതിനാൽ ഇനി മാറ്റുന്നതു് ശരിയല്ല. മാറ്റേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly